വിഷയം : മാതൃഭാഷയുടെ വികാസം എന്റെ കാഴ്ചപ്പാടിൽ

## കുതിക്കുന്ന മലയാളി, കിതക്കുന്ന മലയാളം.

മാറുന്ന കാലത്തിനനുസരിച്ച് ഭാഷയുടെ സ്വാധീനവും ഏറിയും കുറഞ്ഞും പോയിക്കൊണ്ടിരിക്കുന്ന കാലഘട്ടമാണിന്ന്. മാതൃഭാഷയോടുള്ള സമൂഹത്തിന്റെ പ്രതിപത്തിയും യുവതലമുറയുടെ താൽപര്യവും ഇന്ന് സമൂഹത്തിലെ ചർച്ചാവിഷയവുമാണ്. ഉത്തരാധുനികതയുടെ കുത്തൊഴുക്കിലും മാധ്യമവലയത്തിലും പെട്ടുകൊണ്ട് മാതൃഭാഷയെ പാടെ വിസ്മരിക്കുന്നവരും അവഗണിക്കുന്നവരുടെയും എണ്ണത്തിൽ വർധനവ് ഉണ്ടാവുകയും ചെയ്യുന്നു. എന്നാൽ കാലാതീതമായി അനുദിനമെന്നോണം വളരേണ്ട ഒന്നാണ് മാതൃഭാഷ എന്ന ചിന്ത നമ്മിൽ ഉണ്ടാവേണ്ടതുണ്ട്. ഭാഷയുടെ വികാസമെന്നത് സ്വന്തം വ്യക്തിത്വത്തിന്റെയും സർവോപരി സമൂഹത്തിന്റെയും വികാസത്തിന്റെ അടിസ്ഥാനമാണ് എന്ന ചിന്തയുണ്ടായാൽ മാത്രമേ ഈ വിഷയത്തിനെ കൃത്യമായി നോക്കിക്കാണാനും. സ്വന്തം സംഭാവനകൾ കൊണ്ട് ഭാഷയെ പുഷ്ടിപ്പെടുത്താനും.

63rd Kerala School Kalolsavam - Jan 04 To 08, 2025 - Thiruvananthapuram

Item Code: 643 Participant Code: 309

സാധിക്കുകയുള്ളൂ. സ്വന്തം നിലനിൽപ്പിന്റേയും പ്രാമാണ്യതയേയും വളർച്ചയുടേയും അടിസ്ഥാനശില മാതൃഭാഷയാകുന്ന ഭൂമിയിൽ ഉറച്ച് നിൽക്കുന്നു എന്ന തിരിച്ചറിവാണ് നമ്മൾ നേടിയെടുക്കേണ്ടത്.

## മലയാള ചരിത്രം : അന്നും ഇന്നും

കാലങ്ങളേറെയുള്ളതും വളരെ ആഴത്തിൽ വേരൂന്നിയതുമായ ഒരു ~~അഴ~~ ചരിത്രത്തിന്റെ അടയാളം കൂടിയാണ് മാതൃഭാഷ. കേരളത്തിലെ ജനങ്ങളായ നാം മാതൃഭാഷയായ മലയാളത്തിന്റെ ചരിത്രം തേടി തിരിച്ചുദൂരം പിന്നോട്ട് സഞ്ചരിച്ചാൽ മനസ്സിലാക്കാൻ സാധിക്കും വാമൊഴിയും വരമൊഴിയും അല്ലാത്ത ദ്രാവിഡഭാഷകളിൽ നിന്നും സ്വന്തം സ്വത്വം വേർതിരിച്ചെടുത്ത മഹത്തായ സംഭാവനകൾ ലോകത്തിന് നൽകിയിട്ടുള്ള ഒരു മഹത്തായ ഭാഷയുടെ പതാകവാഹകരാണ് നാം. മലയാളഭാഷയുടെ പിതാവായ തുഞ്ചത്തെഴുത്തച്ഛൻ മുതൽ ആധുനിക കവിത്രയത്തിലൂടെ സഞ്ചരിച്ച് ഇന്ന് നാം കാണുന്ന നവലോകത്തിന് മുന്നിൽ സ്വന്തം സ്ഥാനം ഉയർത്തിപ്പിടിക്കുവാനും മലയാളത്തിന് സാധിച്ചിട്ടുണ്ട്. " അമ്പത്തൊന്നക്ഷരമല്ല, അമ്പത്തൊന്നക്ഷരവുമല്ല, അമ്മയെന്ന

"ഒറ്റക്ഷരമാണ്, മറ്റെന്നൊരക്ഷരമതെന്റെ മലയാളം" എന്ന് ഉറക്കെ പ്രഖ്യാപിക്കുവാൻ മുൻകാല പ്രതിഭകൾക്ക് സാധിച്ചിട്ടുണ്ട്. ജീവിതത്തിനാധാരമായ ഭൂമിയെയും ശ്വസിക്കുന്ന വായുവിനെയും പോലെ തന്നെ നെഞ്ചോട് ചേർത്ത് വെക്കുന്ന കാര്യങ്ങളുടെ കൂട്ടത്തിൽ മാതൃഭാഷയെയും എണ്ണാൻ നമുക്ക് സാധിക്കേണ്ടതുണ്ട്. ഗദ്യങ്ങളും പദ്യങ്ങളും കൂടാതെ കഥകളും ചെറുകഥകളും ആധുനിക ലോകത്തിന് പരിചിതമാകുന്ന ഹൈക്കു കവിതകളിലൂടെയും മലയാള ഭാഷ തന്റെ സ്ഥാനം ഉറപ്പിക്കുകയാണ്. 'അമ്മ മലയാളം' എന്ന് ചൊല്ലിപ്പഠിക്കുന്ന കുരുന്നുകളുടെ നാടാണ് നമ്മുടേത്. എന്നാൽ ഇത് കേവലം വാച്യ ഉള്ള അർത്ഥതലബോധവും കടപ്പാടും മാത്രമേ മാതൃഭാഷയ്ക്ക് ഇന്ന് നൽകുന്നുള്ളൂ എന്ന പഴി കേട്ടുകൊണ്ടിരിക്കുന്ന കാലം കൂടിയാണിത്. ഉന്നതികളുടെ പടവുകളിൽ ചവിട്ടിക്കയറുന്നതിനിടയിൽ എവിടെ വച്ചാണ് നാം കൈമോശം വരാതെ സൂക്ഷിച്ചിരുന്ന മാതൃഭാഷയോടുള്ള കൂറ്, അഥവാ മാതൃഭാഷാബോധം കൈവിട്ട് പോയത് എന്ന കാര്യം നാം ഗൗരവമായി അന്വേഷണിക്കേണ്ടിയിരിക്കുന്നു.

63rd Kerala School Kalolsavam - Jan 04 To 08, 2025 - Thiruvananthapuram

Item Code: 643 Participant Code: 309

5/1/2025

കാലം മാറുന്നതോടൊപ്പം മലയാളികളുടെ മനോഭാവവും മാറിയിരിക്കുന്നു. എല്ലാത്തിനും മുതലിലായി ലാഭത്തെയും അടങ്ങാത്ത അത്യാഗ്രഹത്തിന്റെയും പാതയിലാണ് ഇന്ന് നാം പോയ്ക്കൊണ്ടിരിക്കുന്നത്. തന്റെ സാമൂഹികവും സാമ്പത്തികവുമായ നിലവാരത്തിനും ഉയർച്ചക്കും തന്റെ മാതൃഭാഷ ഒരു തടസ്സമാകുമെന്ന ചിന്ത ഇന്നത്തെ തലമുറയിൽ ഉടലെടുക്കുവാൻ തുടങ്ങിയിരിക്കുന്നു. പിറന്നു വീഴുമ്പോൾ തന്നെ മാതാപിതാക്കളെ 'അച്ഛൻ, അമ്മ' എന്ന് വിളിക്കുന്നത് കുറച്ചിലായി കണ്ട് 'ഡാഡി', 'മമ്മി' എന്ന് മാറ്റി ക്കത് നിർബന്ധിതമായി തള്ളിവിടുകയാണ്. കുഞ്ഞുണ്ണി മാഷിന്റെ വരികളിൽ ഇതിനെ ~~വ്യ~~ വ്യാഖ്യാനിച്ചാൽ

"ജനിക്കും മുൻപേ മകന് ഇംഗ്ലീഷ്
പഠിക്കണം, അതിനാൽ ഭാര്യതൻ-
പേറങ്ങ് ഇംഗ്ലണ്ടിലാക്കിനേൻ"

എന്ന നാലുവരികളിൽ ഇന്നത്തെ ചില ആളുകളുടെ മനോഭാവത്തെ വായിച്ചെടുക്കാവുന്നതാണ്. വിദേശ പഠനത്തി-

63rd Kerala School Kalolsavam - Jan 04 To 08, 2025 - Thiruvananthapuram

63-ാമത് കേരള സ്കൂൾ കലോത്സവം 2025 ജനുവരി 4 മുതൽ 8 വരെ തിരുവനന്തപുരം

5/1/2025

Item Code: 643 | Participant Code: 309

ന്നം. കടൽ കടന്നുള്ള സ്ഥിരവാസം കെട്ടിപ്പടുക്കുന്നതിനും മാതൃഭാഷ ഒരു തടസ്സമാകുമെന്ന ചിന്ത ഉള്ളതുകൊണ്ടാണ് ഇന്ന് പലരും തങ്ങളുടെ മക്കളെ മലയാളം മീഡിയം വിദ്യാലയങ്ങളിൽ പോലും അയച്ച് പഠിപ്പിക്കാൻ താൽപ്പര്യപ്പെടാത്തത്. മലയാള ഭാഷയെ സ്നേഹിച്ച് മലയാളം വാക്കുകൾ ഉപയോഗിച്ച് സംസാരിക്കുന്നവർ 'തന്തവൈബും' 'തള്ളവൈബും' ആയി മാറുന്നതിന് പിന്നിലും ഭാഷയോടുള്ള സമൂഹത്തിന്റെ സമീപനത്തെ പ്രകടിപ്പിച്ചെടുക്കാം. മറ്റുചിലർ പ്രധാന കാരണമായി പറയുന്നത് ശാസ്ത്രീയ പദങ്ങളുടെയും ആംഗലേയ ഭാഷയിലെ പദങ്ങളും തർജ്ജമ ചെയ്യുമ്പോൾ കിട്ടുന്ന പദങ്ങൾ നിത്യജീവിതത്തിൽ ഉപയോഗിക്കുമ്പോൾ അനുഭവപ്പെടുന്ന ഉച്ചാരണത്തിൽ വരുന്ന സങ്കീർണ്ണതയെ ചൂണ്ടിക്കാണിച്ച് കൊണ്ടാണ്. എന്നാൽ ഇത് സങ്കീർണ്ണതയല്ല ഭാഷയുടെ ജ്ഞാനതലങ്ങൾക്കപ്പുറമുള്ള അനന്തമായ മനോഹാരിതയാണെന്ന തിരിച്ചറിവ് നമുക്ക് ഉണ്ടാവേണ്ടതുണ്ട്.

സ്വന്തം മക്കളെ മലയാള ഭാഷയിൽ നിന്ന് അകറ്റുമ്പോൾ ഓരോരുത്തരും ചെയ്യുന്നത് സ്വന്തം സംസ്കാരത്തെയും സ്വത്വത്തെയും തിരിച്ചറിയാനുള്ള ഉപാധികൾ

അഥവാ വാതിലുകൾ അവരുടെ മുന്നിൽ കൊട്ടിയടക്കുകയാ-
ണ്. 2 നൂറ്റാണ്ടോളം നമ്മെ ഭരിച്ച് അടിമകളാക്കി പോയ
അന്യനാട്ടുകാർ നമ്മുടെ തന്നെ പൊതുമണ്ഡലങ്ങളിൽ ചതു-
-ങ്ങിയിരുന്ന് പൊതുബോധത്തെ വെല്ലുവിളിക്കുകയാണ് എന്ന
ഉള്ളതിനുള്ള തെളിവായും നമുക്കിതിനെ കാണാം. ബ്രിട്ടീഷു-
കാരുടെ ആഗമനത്തോട് കൂടിയാണ് കേരളത്തിലും ഇന്ത്യയിൽ
ഒട്ടാകെയും ആംഗലേയ ഭാഷയുടെ കടന്നുവരവ് ഉണ്ടാകുന്നത്.
അവർ ഒരിക്കലും ആഗ്രഹിച്ചിരുന്നത് വിദ്യാഭ്യാസവും സാ-
മൂഹികവും സാമ്പത്തികവുമായ മേഖലകളിലെ നമ്മുടെ പു-
രോഗതിയെ ആയിരുന്നില്ല. മറിച്ച് നാം പുലർത്തിക്കൊണ്ടി-
രുന്ന, ആചരിച്ചുപോരുന്ന സംസ്കാരത്തിൽ നിന്നുള്ള
വ്യതിയാനത്തിന്റെ ആദ്യപടിയായാണ് അവർ അവരുടെ
മാതൃഭാഷ നമുക്കിടയിൽ വ്യാപകമാക്കിയത്. അവരുടെ മാതൃ
ഭാഷയെ പ്രചരിപ്പിക്കുന്നത് വഴി അവർ മാതൃഭാഷാസ്നേഹികളാവു
കയും നാം മുഖരാവുകയുമാണ് ചെയ്തത്. ഇന്നും സർ-
ക്കാർ വിദ്യാലയങ്ങളിൽ അഥവാ മലയാളം മീഡിയം
വിദ്യാലയങ്ങളിൽ ഉള്ളതിനേക്കാളും ഏറെയധികം വിദ്യാർത്ഥികളാ-
ണ് ഇംഗ്ലീഷ് മീഡിയം വിദ്യാലയങ്ങളിൽ പഠിക്കുന്നതെന്ന്

(This page will be scanned to publish the article in Schoolwiki. So write neatly. Don't fold paper. Don't write overleaf)

63rd Kerala School Kalolsavam - Jan 04 To 08, 2025 - Thiruvananthapuram

Item Code: G43 Participant Code: 309

5/1/2025

പരിശോധിച്ചാൽ തന്നെ അവരുടെ സ്വന്തം വ്യക്തിത്വവും ശക്തി ചോർത്തിച്ചിരിക്കുന്നുവെന്ന് മനസ്സിലാക്കാം. മറ്റൊരുദാഹരണമാണെന്ന് ഏറ്റവുമേറ്റവും പ്രസംഗിക്കുന്ന ആളുകളുടെ തന്നെ സം-സാരം ശ്രദ്ധിച്ചാൽ അതിൽ ലളിതമായ മലയാള പദങ്ങൾക്ക് പകരം മറുഭാഷാപദങ്ങൾ പ്രയോഗിക്കുന്നതു കാണാം.

ഇത്തരത്തിൽ നാം സംസാരിക്കുമ്പോൾ തന്നെ നാം ഒരിക്കലും കണ്ടിട്ടും കാണാത്തതുപോലെ നടിക്കാൻ പഠിച്ചതെന്നാണ് ആംഗലേയ ഭാഷകൾ നമ്മുടെ സമൂഹത്തിൽ ഉണ്ടാക്കിയ വികാസം. നമ്മുടെ ജീവിത നിലവാരം ഉയർത്തുന്നതിലും സമൂഹത്തിന്റെ വികസനത്തിന്റെ രേഖയുടെ ചലനം മുകളിലേക്കുയർത്തുന്നതിലും മറുഭാഷകൾ കാര്യമായ ചലനം ഉണ്ടാക്കിയിട്ടുണ്ട്. എന്നാൽ ഇത് മാതൃഭാഷയോടുള്ള തിരസ്കാരത്തിലേക്കും • വിമുഖതയി-ലേക്കും വഴിമാറുമ്പോഴാണ് നാം 'മലയാളം മറക്കുന്ന മലയാളി' ആയി തീരുന്നത്. മാതൃഭാഷയുടെ വികാസം സാധ്യമാകണമെങ്കിൽ നാം ഐക്യത്തോടെ പ്രവർത്തിക്കേണ്ടതുണ്ട്. മാർട്ടിൻ ലൂഥർ കിങ്ങ് പറഞ്ഞതുപോലെ

" നാം സഹോദരരെ പോലെ ഒരുമിച്ച് പ്രവർത്തിക്കുക അല്ലെങ്കിൽ നാം മൂഢരെപ്പോലെ തകരും"

മങ്ങുന്ന മലയാളത്തിന്റെ യശസ്സ് വീണ്ടും പുരോഗതിയിലേക്ക് നീങ്ങുന്ന സമൂഹത്തോടൊപ്പം ഉയർത്തെടുക്കുന്നതിൽ ഒട്ടേറെ മാറ്റങ്ങൾ വരുത്തുക അനിവാര്യമായിരിക്കുന്നു.

നല്ല നാളേക്കായി, നല്ല ഭാവിക്കായി

മലയാള ഭാഷയുടെ വികാസം സാധ്യമാകണമെങ്കിൽ സമൂഹത്തിന്റെ മനോഭാവത്തിനാണ് ആദ്യം മാറ്റം വരേണ്ടത്. ഒരു വ്യക്തി വിചാരിച്ചാൽ മാത്രം നമുക്ക് ഇത്തരത്തിൽ ഉള്ള ഒരു മാറ്റത്തിലേക്ക് ചുവടുവെക്കാൻ കഴിയില്ല. എന്നാൽ ഒന്നുചേർന്ന് പ്രവർത്തിച്ചുകൊണ്ട്, ഭാഷ എന്നത് കേവലം ആശയ വിനിമയത്തിനുള്ള ഉപാധി മാത്രമല്ല മറിച്ച് നാം എന്താണ് എന്നുള്ള തിരിച്ചറിവിലേക്ക് ഉള്ളിലിറങ്ങാനുള്ള ഉപാധി കൂടിയാണ് എന്ന തിരിച്ചറിവുണ്ടാകണം. മറ്റു ഭാഷകളിൽ ഉള്ള അറിവ് വർധിപ്പിക്കുന്നതോടൊപ്പം തന്നെ സ്വന്തം ഭാഷയോടുള്ള കൂറ് കൈവിടാതെ മുറുകെ പിടിച്ചാൽ മാത്രമേ സാക്ഷര കേരളത്തിന്റെ പൂർണ്ണമായ

നമുക്ക് ഉയർത്താൻ സാധിക്കുകയുള്ളൂ. മലയാളത്തെ അറിഞ്ഞ് വളരുന്ന, മലയാളത്തെ നെഞ്ചോട് ചേർത്ത് വളരുന്ന ഒരു തലമുറ ഉണ്ടാവേണ്ടതുണ്ട്. മാതൃഭാഷയിൽ നിപുണരാകുന്ന ഒരു സമൂഹമായി നാം മാറേണ്ടതുണ്ട്. മലയാളം വായിക്കാനും എഴുതാനും അറിയില്ല എന്നുള്ളത് ഒരർത്ഥത്തിൽ സ്വന്തത്തോട് ചെയ്യുന്ന അധർമ്മമാണ് എന്ന് നാം മനസ്സിലാക്കേണ്ടതുണ്ട്. പഴമൊഴികൾ പറയുന്നത് പോലെ 'ഒരുവൻ വിശന്നാൽ ആദ്യം ഒറ്റിക്കൊടുക്കുന്നത് തന്റെ മാതൃഭാഷയെ ആയിരിക്കും' എന്ന ചൊല്ല് മാറ്റിക്കുറിച്ചുകൊണ്ട് ജീവിക്കുവാൻ നമുക്ക് സാധിക്കേണ്ടതുണ്ട്.

## വിദ്യാഭ്യാസത്തിൽ വരേണ്ടുന്ന മാറ്റങ്ങൾ

വർഷങ്ങൾ തോറും നടക്കുന്ന പാഠ്യപദ്ധതിപരിഷ്കരണങ്ങൾ പലപ്പോഴും മറ്റുവിഷയങ്ങളെ കാര്യമായി മാറ്റി രൂപകൽപ്പന ചെയ്യുമ്പോഴും മാതൃഭാഷാ വിഷയങ്ങളെ കാര്യമായി മാറ്റിക്കുറിക്കാറില്ല എന്ന് നമുക്ക് മനസ്സിലാക്കാം. 'മധുരം മലയാളം' എന്ന് കേവലം ചൊല്ലിക്കൊ ക്കൊടുക്കുന്നതിന് പകരം മധുരമാകുന്ന തരത്തിൽ

ഉള്ള വിദ്യാഭ്യാസരീതിയിലും അധ്യാപനരീതിയിലും മാറ്റം വ-
രേണ്ടതുണ്ട്. മാതൃഭാഷയുടെ മൂല്യവും പ്രാധാന്യവും അറിഞ്ഞു-
കൊണ്ട് ചെറുക്ലാസുകളിൽ തന്നെ കുട്ടികൾ വളരട്ടെ.
മാറുന്ന കാലത്തിൽ വളർന്ന് വരുന്ന ശാസ്ത്രസാങ്കേതിക
വിദ്യയെ ഉപയോഗിച്ചു കൊണ്ടുള്ള അധ്യാപനരീതികളാകു-
മ്പോൾ വിദ്യാർത്ഥികൾക്ക് അതിനെ സ്വായത്തമാക്കുവാനും തുട-
ർന്ന് തുടരെ അഭേദ്യമായ ബന്ധം മാതൃഭാഷയുമായി സൃ-
ഷ്ടിച്ചെടുക്കാനും സാധിക്കും. പാഠപുസ്തകത്തിന്റെ ചട്ടക്കൂടു-
കൾക്കപ്പുറത്ത് വിദ്യാർത്ഥികളുടെ ചിന്താശേഷിയെയും ഭാവനാ-
പാടവത്തെയും പുറത്ത് കൊണ്ടുവരുന്നതാണ്. മാതൃഭാഷയുടെ
വികാസത്തിനായി നാം ചെയ്യേണ്ടുന്ന ആദ്യപടി. അവർ
അറിയുന്ന രണ്ടക്ഷരങ്ങളിൽ പോലും അവരുടെ മാതൃ
ഭാഷയോടുള്ള ഇഷ്ടം ഉണ്ടാക്കിയെടുക്കണം. ~~ശാ~~ സാങ്കേ
തിക വിദ്യയെയും മറ്റും പഴിക്കാതെ ഇക്കാലത്തിൽ
നമ്മുടെ ലക്ഷ്യത്തിനായി മാറ്റിയെടുക്കുന്നതുവഴി ഒരു
മാതൃഭാഷയുടെ മധു നുകരുന്ന ഒരു തലമുറയെ
സൃഷ്ടിച്ചെടുക്കാം. മലയാളത്തെ അറിഞ്ഞ മലയാളിക
ളായി അവർ വളരട്ടെ.

## നവമാധ്യമങ്ങളിലെ മാതൃഭാഷ

ഇന്ന് നവമാധ്യമങ്ങളുടെ സ്വാധീനം അനുദിനം വർധിക്കുകയാണ്. ഇതിനെ അനുകൂലിച്ചും പ്രതികൂലിച്ചും ധാരാളം ചർച്ചകൾ നടന്നുകൊണ്ടിരിക്കുകയാണ്. എന്നാൽ മാതൃഭാഷയുടെ വികാസത്തിനായി നമുക്ക് നവമാധ്യമങ്ങളെ ഉപയോഗിക്കാവുന്നതാണ്. സൈബറിടങ്ങളെന്ന് പറയുന്നത് വഴിക്കേടിലേക്കുള്ള മാർഗദർശി മാത്രമല്ല, മറിച്ച് സർഗാത്മകതയുടെ മൂല്യങ്ങൾ പുറത്തുകാട്ടുന്ന ഇടം കൂടിയാണ്. ഇത് നമുക്ക് മനസ്സിലാകണമെങ്കിൽ കഴിഞ്ഞ ഏതാനും. വർഷങ്ങൾക്ക് മുമ്പ് സംസ്ഥാന സർക്കാറിന്റെ അവാർഡ് ലഭിച്ച 'കല്യാണിയെന്നും ദാക്ഷായണിയെന്നും പേരായ രണ്ട് സ്ത്രീകളുടെ കഥ' എന്ന പുസ്തകം ഓർത്താൽ. വർഷങ്ങൾക്ക് മുമ്പ് നവമാധ്യമങ്ങളിൽ പ്രസിദ്ധീകരിച്ചുവന്നതാണെന്ന് നാം മനസ്സിലാക്കേണ്ടിയിരിക്കുന്നു. മാതൃഭാഷയുടെ സംരക്ഷണമാണ് ലക്ഷ്യമെങ്കിൽ മാർഗങ്ങൾ അനേകമുണ്ട്. ഇന്നത്തെ തലമുറയെ മാതൃഭാഷയോട് ചേർത്തുനിർത്തണമെങ്കിൽ സൈബറിടങ്ങളിലും അവരുടെ കാവ്യാത്മകത വിരിയട്ടെ, മാതൃ

5/1/2025

ഭാഷകളോടുള്ള അധിനിവേശം തുടരുന്നു
തളച്ചിടപ്പെടുന്ന ആവിഷ്കാരസ്വാതന്ത്ര്യം.

ഏതൊരു ഭാഷയും വികാസം പ്രാപിക്കുന്നത് അതി-രുകൾ ഭേദിച്ചു കൊണ്ട് അനന്തമായി മുന്നോട്ട് പോകുമ്പോ-ഴാണ്. എന്നാൽ ഇന്ന് ആവിഷ്കാര സ്വാതന്ത്ര്യം തു-റുങ്കിലാവുകയാണ്. ഭരണകൂടം മറ്റും ചില ആളുകളുടെയും സ്ഥാപനങ്ങളുടെയും സ്വാർത്ഥതാൽപര്യങ്ങൾക്ക് വഴങ്ങി മാറ്റിത്തെറിക്കുവാൻ ആളുകൾ നിർബന്ധിതരാക്കപ്പെടുക-യാണ്. കഴിഞ്ഞ ആഴ്ച മരണപ്പെട്ട ശ്രീ: എം.ടി അടക്കമുള്ളവർ ഗൗരി ലങ്കേഷിന്റെ മരണത്തിൽ പ്രതിഷേധിച്ച് പറഞ്ഞ വാക്കുകളിലെ വാക്കുകൾ ശ്രദ്ധേയ-മാണ്

"ആവിഷ്കാര സ്വാതന്ത്ര്യത്തിന് മരണമാണ് ശിക്ഷ-യെങ്കിൽ ഞാൻ തയ്യാർ"

എന്നായിരുന്നു അത്. മാതൃഭാഷ സംരക്ഷണത്തിൽ ആവിഷ്കാര സ്വാതന്ത്ര്യം ഉണ്ടാവേണ്ടതുണ്ട്. കാലത്തിന്റെ മാറ്റങ്ങളെ ഉൾക്കൊള്ളേണ്ടതുണ്ട്. ഭാഷകൾ അതിന്

Item Code: 643 Participant Code: 309

തനിക്ക് കാമ്യം എന്ന് കരുതി മറ്റുള്ളവയെല്ലാം മോശമാണ് എന്ന നിലപാട് നാം സ്വീകരിക്കരുത്. ഭാഷ വിവിധ തലങ്ങളിലേക്ക് കടക്കുകയും അത്തരം മാറ്റങ്ങളെ നാം ധനാത്മകമായി നോക്കി കാണുകയും ചെയ്യുമ്പോഴാണ് മാതൃഭാഷ അതിന്റെ പൂർണ്ണതയിൽ എത്തുന്നത്.

രചനകളും കുറിപ്പുകളും എല്ലാം കാലത്തിനിണങ്ങുന്ന രീതിയിൽ സമൂഹത്തിന്റെ കാഴ്ചപ്പാടുകൾക്ക് അനുസൃതമായ മാറ്റങ്ങളോട് കൂടി തയ്യാറാകുമ്പോൾ മാത്രമേ ഭാഷ അതിന്റെ സജീവമായ ചലനാത്മകതയിൽ നിലനിൽക്കുകയുള്ളൂ.

മാറ്റങ്ങളെ ഉൾക്കൊണ്ടുകൊണ്ട് മുന്നോട്ട്...

ഇന്നത്തെ സിനിമാഗാനവും അല്ലെങ്കിൽ കഥകളുടേയും നിരൂപണങ്ങളിൽ നാം പതിവായി കേൾക്കുന്ന പല്ലവിയാണ് മലയാളത്തിന്റെ പഴയകാല പ്രതാപത്തെ കൈവിടുന്നു എന്നുള്ളത്. ചില സന്ദർഭങ്ങളിൽ ഇത് ശരിയാണെന്ന് നമുക്ക് തോന്നാം എന്നാൽ

(This page will be scanned to publish the article in Schoolwiki. So write neatly. Don't fold paper. Don't write overleaf)

തുടർച്ചയായുള്ള ഇത്തരം വിമർശനങ്ങൾ കേൾക്കുന്നത് മാതൃഭാഷയോടുള്ള അവരുടെ താൽപര്യത്തെ ഇല്ലാതാക്കുന്നതായി കാണാം. വിമർശനങ്ങളായി നൽകാതെ ഉപദേശങ്ങളായി നൽകിക്കൊണ്ട് കാലത്തിന്റെ മാറ്റങ്ങളെ ഉൾക്കൊണ്ടുകൊണ്ട് ഭാഷയുടെ വൈവിധ്യത്തെ ഗ്രാമത്തെ രീതിയിൽ ഉള്ള പദങ്ങളെയും ആവിഷ്കാരങ്ങളെയും പരിപോഷിപ്പിച്ച് കൊണ്ട് നാം മുന്നോട്ട് പോകേണ്ടതുണ്ട്.

സർക്കാരിന്റെ നേതൃത്വത്തിൽ ഇന്ന് വിവിധങ്ങളായ ഭാഷ പരിപോഷിപ്പിക്കുന്നതിനായുള്ള പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. പൊതുവിദ്യാലയങ്ങളുടെ സൗകര്യങ്ങൾ മെച്ചപ്പെടുത്തിക്കൊണ്ട് മാതൃഭാഷാ പഠനത്തെ പ്രോത്സാഹിപ്പിക്കുകയും അതിനുള്ള സാധ്യതകൾ തുറന്നുകൊടുക്കുകയും ചെയ്യേണ്ടതുണ്ട്. എങ്കിൽ മാത്രമേ മാതൃഭാഷയുടെ വികാസവും സംസ്കാര വികാസവും സർവോപരിയായി നമ്മുടെ നാടിന്റെ വികാസവും സാക്ഷാത്കരിക്കുക എന്ന ലക്ഷ്യം നാം നേടിയെടുക്കേണ്ടതുണ്ട്. മാതൃഭാഷയ്ക്ക് മധു നുകരുന്ന, മാതൃഭാഷയുടെ

പ്രാധാന്യം മനസ്സിലാക്കിക്കൊണ്ടുള്ള ഒരു തലമുറയെ നാം വാർത്തെടുക്കേണ്ടതുണ്ട്. നല്ല നാളേക്കായി നാം അശ്രാന്തം പ്രവർത്തിക്കേണ്ടതുണ്ട്. എങ്കിൽ മാത്രമേ നല്ല നാളെയും നല്ല മലയാളത്തെയും നമുക്ക് ഒന്നാക്കിക്കാണാൻ സാധിക്കുകയുള്ളൂ.

"കാത്തിരിക്കൂ പ്രഭാതം മുന്നിലാണ് തീർച്ചയായും മുന്നിലാണ്.

---